"വേദമേവ സദാ അഭ്യസേത്"

ആചാര്യശ്രീ രാജേഷിന്റെ
നേതൃത്വത്തിൽ

കോഴിക്കോട്
അതിരാത്രം

# ശ്യേനന്റെ കഥ

## കോഴിക്കോട് അതിരാത്രത്തോടനുബന്ധിച്ച് നടന്ന ഗണിത-ജ്യോതിശ്ശാസ്ത്ര എക്സിബിഷൻ

# ശ്യേനന്റെ കഥ

ഞാൻ ശ്യേനൻ. ഒട്ടേറെ രഹസ്യങ്ങൾ
ചിറകിൽ ഒതുക്കിക്കൊണ്ടാണ്
ഞാൻ നിൽക്കുന്നത്.
പണ്ട് പ്രജാപതി ദേവന്മാർക്ക്
ആ രഹസ്യങ്ങൾ
ഉപദേശിച്ചു കൊടുത്തു.
അങ്ങനെ അവർ എന്റെ ശരീരത്തെ
ഇഷ്ടികകൾ കൊണ്ട് പുനർനിർമ്മിച്ചു.
അതിലൂടെ അവർ അമരന്മാരായി.
ഇവിടെ, ഈ അതിരാത്രഭൂമിയിൽ,
എന്റെ ശരീരം
പുനർനിർമ്മിക്കപ്പെടുകയാണ്...
നിങ്ങൾക്ക് എന്റെ ആ ശരീരം കാണണ്ടേ?
ഞാനെന്റെ ചിറകുകൾ വിടർത്താം...



kasyapa veda research foundation



# എന്റെ ശരീരം

ഒരു നിരയിൽ 200 എണ്ണം വീതം
അഞ്ച് നിരകളിലായി ആകെ
1000 ഇഷ്ടികകൾവെച്ചുകൊണ്ടാണ്
എന്റെ ഈ ശരീരത്തെ അവർ
നിർമ്മിച്ചത്.

kasyapaveda research foundation

ഞാൻ എങ്ങനെ ഈ രൂപത്തിൽ
വികസിച്ചു എന്നറിയണ്ടേ?
ആ ചരിത്രം ഭാരതത്തിൽ
ഗണിതത്തിന്റെയും
ജ്യോതിശ്ശാസ്ത്രത്തിന്റെയും
വികാസചരിത്രം കൂടിയാണ്...

kasyapa veda research foundation

# ഏകകങ്ങളിൽ തുടങ്ങാം..

യാഗശാലയിലെ അളവുകളെല്ലാം യജമാനന്റെ ശരീരത്തെ ആധാരമാക്കി നിശ്ചയിക്കുന്നതാണ്.

| ഏകകം (യൂണിറ്റ്) | നിർവചനം |
|---|---|
| അംഗുലം | നടുവിരലിന്റെ താഴ്ഭാഗത്തെ വീതി |
| പദം | കാൽച്ചുവടിന്റെ നീളം |
| പ്രക്രമം | പദത്തിന്റെ ഇരട്ടി |
| അരത്നി | കൈമുട്ട് മുതൽ നടുവിരൽ അറ്റം വരെ |
| പുരുഷൻ | കാൽപാദം മുതൽ ഉയർത്തിയ കൈകളുടെ വിരൽത്തുമ്പ് വരെ |

kasyapa veda research foundation

1 പുരുഷൻ = 5 അരത്നി = 10 പ്രക്രമം = 20 പദം = 120 അംഗുലം

ഇപ്പോൾ നിങ്ങളുടെ കൈയിൽ
നേരത്തെ പറഞ്ഞ അളവുകളും
ഒരു കയറും കുറ്റിയും മാത്രമേ
ഉള്ളൂ. ഇതുവെച്ച് എന്റെ
അടിസ്ഥാനഘടകമായ സമചതുരം
എങ്ങനെ നിർമിക്കും?

kasyapa vedaresearchfoundation

# സമചതുരം വന്ന വഴി

ശുൽബസൂത്രങ്ങളിൽ വിവരിച്ച, സമചതുരം നിർമിക്കാനുള്ള പല രീതികളിൽ ഒന്നായ മത്സ്യചിത്രണം.



STEP 1 -

STEP 2 -

STEP 3 -

STEP 4 -

STEP 5 -

STEP 6 -

# പൈഥഗോറസിനും മുൻപ്

ചതുരങ്ങളുടെ ജ്യാമിതീയ ക്രിയകൾചെയ്യാൻ ഒരു സിദ്ധാന്തം അനിവാര്യമാണ്- നിങ്ങളിന്ന് പൈഥഗോറിയൻ സിദ്ധാന്തം എന്ന് വിളിക്കുന്ന ഭുജാകോടികർണന്യായം. ലോകത്തിൽ ആദ്യമായി ഇത് നിർവചിക്കപ്പെട്ടത്, പൈഥഗോറസിനും നൂറ്റാണ്ടുകൾക്ക് മുൻപ് ബോധായന ഋഷി എഴുതിയ ശുല്ബസൂത്രത്തിലാണ്.




दीर्घचतुरस्त्रस्याक्ष्णया रज्जुः पार्श्वमानी
तिर्यङ्मानी च यत् पृथग्भूते कुरुतस्तदुभयं करोति ।।
(बौधायन शुल्बसूत्र.1.48)

kasyapa veda research foundation

# എന്റെ സ്ഥാനം

യാഗശാലയിൽ ഞാനിരിക്കുന്നത് സമപാർശ്വ ലംബക ആകൃതിയിലുള്ള മഹാവേദിയിലാണ്. ഇത് നിർമിക്കാനുള്ള മാർഗവും ശുൽബസൂത്രത്തിലുണ്ട്. ഈ മഹാവേദിയിലേക്ക് നോക്കിയാൽ നിങ്ങൾക്ക് 'പൈഥഗോറിയൻ' ത്രയങ്ങളെയും കാണാം.






kasyapa veda research foundation

# കിഴക്കറിയാൻ..

ഞാൻ കിഴക്ക് ദിക്കിന് അഭിമുഖമായാണ് ഇരിക്കുന്നത്. അയനം കാരണം സൂര്യന്റെ ഉദയസ്ഥാനം മാറുന്നതിനാൽ, സൂര്യോദയം നോക്കി കിഴക്ക് കൃത്യമായി കണ്ടുപിടിക്കാൻ സാധിക്കില്ല. എന്നാൽ, ഇതിനായി ശുൽബസൂത്രത്തിൽ ഒരു വഴി പറഞ്ഞിട്ടുണ്ട്.

1. മുകൾഭാഗം കൂർപ്പിച്ച ഒരു കുറ്റി (ശങ്കു) നിരപ്പായ നിലത്തുറപ്പിക്കുക
2. ശങ്കുവിന്റെ രണ്ടിരട്ടിയെങ്കിലും നീളമുള്ള ഒരു കയർ അതിൽചുറ്റി മറ്റേ അഗ്രം കൊണ്ട് വൃത്തം വരയ്ക്കുക
3. രാവിലെയും വൈകീട്ടും ശങ്കുവിന്റെ അഗ്രഭാഗത്തിന്റെ നിഴൽവൃത്തത്തെ സ്പർശിക്കുന്ന ബിന്ദുക്കൾ അടയാളപ്പെടുത്തുക
4. ആ രണ്ട് ബിന്ദുക്കളെ പരസ്പരം യോജിപ്പിക്കുക, ഇതായിരിക്കും കിഴക്ക്-പടിഞ്ഞാറ് രേഖ.

kalyanaveda research foundation

# മൂന്ന് അഗ്നികൾ - ഒരേ വിസ്തീർണം

ഞാൻ വന്ന് ഇരിക്കുന്നത് മഹാ വേദിയിലാണെങ്കിലും എന്റെ ജനനം പടിഞ്ഞാറുള്ള പ്രാചീന വംശശാലയിലാണ്. അവിടെ പ്രധാനമായും മൂന്ന് ആകൃതികളിലായി മൂന്ന് അഗ്നികളുണ്ട്. സമചതുരം, വൃത്തം, അർധവൃത്തം എന്നിങ്ങനെ.

ആശ്ചര്യം എന്തെന്നാൽ ഈ മൂന്നിനും ഒരേ വിസ്തീർണം (1 ചതു. പുരുഷൻ) ആണ് ഉണ്ടാകുക!




kasyapa veda research foundation

# ആകൃതികളെ മാറ്റാനുള്ള വഴി

നിശ്ചിത അളവിലുള്ള സമചതുരം നിർമ്മിക്കാൻ നാം പഠിച്ചു. പക്ഷേ കേവലം കയറും കുറ്റിയും ഉപയോഗിച്ച്, അതേ വിസ്തീർണത്തിൽ എങ്ങനെ വൃത്തവും അർധ വൃത്തവും നിർമിക്കും?

ശുൽബസൂത്രത്തിലെ സമചതുര -വൃത്ത പരിവർത്തന രീതിയാണ് ചിത്രത്തിൽ.




ഈ വൃത്തത്തിന്റെ ആരത്തെ ഭുജമാക്കി നിർമ്മിക്കുന്ന സമചതുരത്തിന്റെ കർണം ആരമാക്കിക്കൊണ്ട് തുല്യവിസ്തീർണത്തിലുള്ള അർധവൃത്തവും നിർമ്മിക്കാം.

kasyapa veda research foundation

# √2 ന്റെ സൂത്രം

ഈ ആകൃതി പരിവർത്തന ചർച്ചയിൽ, അപരിമേയ സംഖ്യയായ √2 ന്റെ മൂല്യം എടുത്തുപറയത്തക്ക കൃത്യതയിൽ ബോധായന ഋഷി രേഖപ്പെടുത്തിയിട്ടുമുണ്ട്. തുടർന്ന്, 'സവിശേഷഃ' എന്നെഴുതിക്കൊണ്ട് ഇത് പ്രായോഗികതയ്ക്കുള്ള ഏകദേശമൂല്യമാണെന്ന് സൂചിപ്പിക്കുന്നുമുണ്ട് ബോധായനൻ.

**प्रमाणं तृतीयेन वर्धयेत्तच्च चतुर्थेनात्मचतुस्त्रिंशोनेन ॥**

$$\sqrt{2} = 1 + (1/3) + (1/(3\times4)) - (1/(3\times4\times34)) = 1.414256$$

**(बौधायन शुल्बसूत्र 1.61)**

kasyapa veda research foundation

# എണ്ണാൻ പഠിപ്പിച്ച വേദം

അല്ലെങ്കിലും സംഖ്യാജ്ഞാനത്തിൽ ഭാരതീയരെ വെല്ലാൻ ആരാണുള്ളത്? മഹാനായ ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റൈൻ പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ?



"ലോകത്തെ എണ്ണാൻ പഠിപ്പിച്ചത് ഭാരതീയരാണ്. അതില്ലായിരുന്നുവെങ്കിൽ സുപ്രധാനമായ ഒരു ശാസ്ത്ര കണ്ടുപിടുത്തവും നടക്കില്ലായിരുന്നു"

ലോകത്തെല്ലായിടത്തും ഇന്ന് ഉപയോഗിക്കുന്ന ദശാംശ സംഖ്യാസമ്പ്രദായത്തിന്റെ ആദ്യ പ്രതിപാദനമുള്ളത് വേദങ്ങളിലാണ്!

# വലിയ സംഖ്യകളുടെ ലോകം

അഗ്നിചയനത്തിൽ ഇഷ്ടികകളെ ധേനുക്കളായി സങ്കല്പിച്ചുകൊണ്ട് ചൊല്ലുന്ന ഒരു യജുർവേദമന്ത്രമുണ്ട്. അതിൽ ക്രമത്തിൽ പറയുന്ന സംഖ്യകൾ ഇങ്ങനെയാണ്:

1 (ഏകാ)
10 (ദശ)
100(ശതം)
1000(സഹസ്രം)
10,000 (അയുതം)
100,000 (നിയുതം)
10,00,000 (പ്രയുതം)
100,00,000 (അർബുദം)
10,00,00,000 (ന്യർബുദം)
100,00,00,000 (സമുദ്രം)
10,00,00,00,000 (മധ്യം)
100,00,00,00,000 (അന്തം)
10,00,00,00,00,000 (പരാർധം)

kasyapa veda research foundation

ഗ്രീക്കുകാർക്ക് പതിനായിരത്തിന് അപ്പുറമുള്ള സംഖ്യകൾക്ക് ഇത്തരം പ്രത്യേകമായ പേരുകൾ ഇല്ലായിരുന്നു. പക്ഷേ എന്നെ നിർമ്മിച്ചവർ ജീവിച്ചിരുന്നത് ഇത്തരം വലിയ സംഖ്യകളുള്ള വലിയ ലോകത്തിലായിരുന്നു.

# ചതുരശ്ര ശ്യേനൻ

അതിരിക്കട്ടെ, അവർ എങ്ങനെയാണ് എന്നെ നിർമ്മിച്ചത് എന്നറിയണ്ടേ? അതിന് ആദ്യം എന്റെ പ്രാഗ്രൂപമായ ചതുരശ്രശ്യേനനെ അറിയണം.




| ശരീരഭാഗം | വിസ്തീർണം |
|---|---|
| ഉടൽ | 4x1 ചതുരശ്ര. പുരുഷൻ |
| ചിറകുകൾ | 2x1 ചതു. പുരുഷൻ |
| വാൽ | 1 ചതു. പുരുഷൻ |

കൂടാതെ പൂർണതയ്ക്കായി ചിറകുകളിൽ ഓരോന്നിലും 1/5 ഉം വാലിൽ1/10 ഉം ചതു. പുരു. അധികം.

**ആകെ വിസ്തീർണം= 7½ ചതുരശ്ര. പുരുഷൻ**

kasyapa veda research foundation

# ഇനി, ഞാൻ...

പക്ഷേ, എന്റെ യഥാർഥ രൂപത്തെ നിർമ്മിക്കുക എളുപ്പമല്ല. കാരണം

1.ഒരു നിരയിൽ ആകെ 200 ഇഷ്ടികകളേ പാടുള്ളൂ

2.ആകെ വിസ്തീർണം കൃത്യം 7½ ചതുരശ്ര പുരുഷൻ ആയിരിക്കണം

3.ഇഷ്ടികകൾ തമ്മിലുള്ള വിടവുകൾ, തൊട്ടടുത്ത നിരകളിൽ ഒരേ വരിയിൽ വരരുത്.

4.നിർദ്ദേശിക്കപ്പെട്ട തരത്തിലുള്ള ഇഷ്ടികകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.




kasyapaveda research foundation

എങ്കിലും അവർ ഈ വെല്ലുവിളികൾ ഏറ്റെടുത്ത് കൃത്യമായ അളവിൽ എന്നെ നിർമ്മിച്ചു...

# മറ്റു ചിതികൾ

എന്നെ മാത്രമല്ല, സമാനമായ മാനദണ്ഡങ്ങൾ അനുസരിച്ച് പലവിധ ചിതികൾ അവർ നിർമ്മിച്ചു.



RathaChakra Chiti



Kurma Chiti

kasyapa veda research foundation

# ഞാൻ വളരുകയാണ്...

എന്റെ ശരീരത്തിന്റെ നിർമാണം ഇനിയും അവസാനിച്ചിട്ടില്ല. അവർ എന്നെ വളർത്തി. 7½ ചതു. പുരുഷനിൽ നിന്നും അടുത്ത വർഷം 8½-യായും അതിനടുത്ത വർഷം 9½ ആയും- അങ്ങനെ 95 വർഷങ്ങൾകൊണ്ട് എന്നെ 101½ ചതുരശ്ര പുരുഷനായി അവർവളർത്തി.

ഓരോ വർഷവും ആകെ വർധിക്കുന്ന വിസ്തീർണത്തിന്റെ എത്ര ഭാഗം വിവിധ ആകൃതികളിലുള്ള ഓരോ ഇഷ്ടികയിലും വർധിപ്പിക്കണം എന്ന് കണ്ടെത്തി, അതിന്റെ വർഗമൂലമെടുത്ത് ഇഷ്ടികകളുടെ പുതിയ അളവുകളും അവർകണ്ടെത്തിക്കൊണ്ടേ ഇരുന്നു. ഇഷ്ടിക ഉണക്കി ചുട്ടെടുക്കുമ്പോൾ എത്ര മാത്രം വിസ്തീർണം കുറയുമോ അത്രയും അധികമായെടുത്താണ് അവർ ഇഷ്ടികകൾ നിർമ്മിച്ചത്.

Kasyapa veda research foundation

എന്തിനായിരിക്കും
ഈ സങ്കീർണതകളെല്ലാം
അഭിമുഖീകരിച്ചുകൊണ്ട് അവർ
എന്നെ വളർത്തിയത്? അതിന്റെ
രഹസ്യം അറിയാൻ ഗണിതത്തിൽ
നിന്നും ജ്യോതിശ്ശാസ്ത്രത്തിലേക്ക്
സഞ്ചരിക്കേണ്ടതുണ്ട്...

kasyapa veda research foundation

# സാവന സംവത്സരത്തെ അറിയൂ...

നിങ്ങൾക്ക് പരിചയമുള്ള രണ്ട് പ്രധാന സംവത്സരങ്ങൾ ഇവയല്ലേ?

1. **സൗരസംവത്സരം** - 365-366 ദിവസങ്ങൾ

2. **ചാന്ദ്രസംവത്സരം** - 354 ദിവസങ്ങൾ

എന്നാൽ വേദങ്ങൾ മുന്നോട്ടു വെക്കുന്ന സവിശേഷമായ സംവത്സരത്തിൽ ദിവസങ്ങൾ 360 ആണ്. ആദ്യം പറഞ്ഞ രണ്ട് സംവത്സരങ്ങളുടെയും ദൈർഘ്യത്തിന്റെ ഏകദേശ ശരാശരിയാണ് 360.

സോമയാഗവുമായുള്ള ബന്ധം കാരണം ഇതിനെ **സാവന സംവത്സരം** എന്നു വിളിക്കുന്നു

kasyapa veda research foundation



# അന്തർനിവേശനം

വിവിധ സംവത്സരങ്ങളിലെ ദൈർഘ്യവ്യത്യാസം പരിഹരിക്കാൻ അധികമാസത്തെ ചേർക്കുന്ന അന്തർ നിവേശനം എന്ന രീതിയെ ഋഗ്വേദം മുന്നോട്ടു വെക്കുന്നു

**"വേദ മാസോ ധൃതവ്രതോ**
**ദ്വാദശ പ്രജാവതഃ.**
**വേദാ യ ഉപജായതേ"**
**(ഋഗ്വേദം 1.25.8)**

**അർത്ഥം :** അവൻ വിശേഷ ക്രമത്തെ പാലിക്കുന്നതും, പ്രജാസമ്പുഷ്ടവുമായ 12 മാസങ്ങളെ അറിയുന്നു, എന്താണോ ഇവയോടൊപ്പം ജനിക്കുന്നത്, ആ അധികമാസ ത്തെയും അറിയുന്നു.

kasyapa veda research foundation

# മൂന്ന് വിധം ഇഷ്ടികകൾ

ഈ കാലഗണനയുടെയെല്ലാം രഹസ്യങ്ങൾ എന്റെ ഈ ശരീരത്തിലുമുണ്ട്. എങ്ങനെയെന്നല്ലേ?

അഗ്നിചയനത്തിൽ ഇഷ്ടികകൾ മൂന്ന് വിധം

1.360 പരിശ്രിതുകൾ (ചിതിക്ക് ചുറ്റുംവെക്കുന്നവ)

**2.** 360 + 36 യജുഷ്മതി (ചിതിനിർമാണത്തിന് മന്ത്രത്തോടെ വെക്കുന്നവ)

**3.**10,800 ലോകംപൃണകൾ (അവശേഷിക്കുന്നിടത്ത് നിറയ്ക്കാനായി ഉപയോഗിക്കുന്നവ)

kasyapa veda research foundation

# ഞാൻ സംവത്സരമാകുന്നു...

ഞാൻ സംവത്സരമാണെന്നാണ്
സങ്കല്പം.

| എന്റെ ശരീരത്തിൽ | സാവനസംവത്സരത്തിൽ |
|---|---|
| 360 പരിശ്രിതുകൾ | 360 രാത്രികൾ |
| 360 യജുഷ്മതികൾ | 360 പകലുകൾ |

36 അധിക യജുഷ്മതികളോ?
അത് സൗരവർഷത്തിൽനിന്നും
സാവനസംവത്സരത്തിനുള്ള
6 ദിവസത്തിന്റെ കുറവ് നികത്താൻ
6 വർഷം കൂടുമ്പോൾ ചേർക്കേണ്ട
36 ദിവസമുള്ള അധികമാസത്തെ
പ്രതീകവൽക്കരിക്കുന്നു

10,800 ലോകംപൃണകൾ ഒരു വർ
ഷത്തിലെ ആകെ മുഹൂർത്തങ്ങളുടെ
എണ്ണം (1 മുഹൂർത്തം = 48 മിനുറ്റ്)

kasyapaveda research foundation

# വേദവും തിഥിയും

ഇനി ചാന്ദ്രസംവത്സരത്തിലേക്ക് വരാം. ഭൂമിയിൽനിന്ന് നോക്കുമ്പോൾ സൂര്യനെ അപേക്ഷിച്ച് ചന്ദ്രൻ 12 ഡിഗ്രി കോണീയ ദൂരം സഞ്ചരിക്കാനെടുക്കുന്ന സമയമാണ് ഒരു തിഥി.

തിഥിയെക്കുറിച്ചുള്ള ഗഹനമായ ജ്ഞാനം വേദങ്ങളിലുണ്ട്.

ഉദാഹരണമായി,

സൂര്യ-ചന്ദ്ര-ഭൂമികളുടെ സ്ഥാനങ്ങൾ ആവർത്തിച്ച് സമാനമായ ഗ്രഹണം വീണ്ടും സംഭവിക്കാനെടുക്കുന്ന, സാരോസ് ചക്രം (18 വർഷം) എന്ന സമയപരിധിക്കുള്ളിലെ, ആകെ കൃഷ്ണപക്ഷ തിഥികളുടെ എണ്ണമായ ‘3339’ ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്

kasyapa veda research foundation

# ചാന്ദ്രസംവത്സരത്തിലെ കുറവ്...

ചാന്ദ്രസംവത്സരത്തിൽ ആകെ 360 തിഥി (30x12)

സൗരസംവത്സരത്തിൽ 372 തിഥി (കൃത്യമായി 371.06 തിഥി)

സൗര-ചാന്ദ്രസംവത്സരങ്ങളിലെ ഈ 12 തിഥികളുടെ വ്യത്യാസം പരിഹരിക്കാനായി അഞ്ച് വർഷം (ഒരു യുഗം) കൂടുമ്പോൾ 30 ദിവസമുള്ള രണ്ട് അധികമാസങ്ങൾ ചാന്ദ്രസംവത്സരത്തിൽ ചേർക്കുന്നു (12x5=60)

പക്ഷേ, സൗരസംവത്സരത്തിലെ ആകെ തിഥികൾ എടുത്തതിൽ, വാസ്തവത്തിൽ 372 - 371.06 = 0.94 തിഥിയുടെ കുറവുള്ളതിനാൽ, അഞ്ച് വർഷത്തിൽ അത് 4.7 തിഥികളുടെ കുറവ് സൃഷ്ടിക്കുന്നു. ഇത് എങ്ങനെ പരിഹരിക്കും?

nityaveda research foundation

# എന്റെ വളർച്ചയിലെ രഹസ്യം

അധികമാസങ്ങൾ ഉപയോഗിച്ച് ഇത് പരിഹരിക്കണമെങ്കിൽ, ഈ കുറവ് 30 ഓ 30ന്റെ ഗുണിതങ്ങളോ ആയി മാറണം. കൃത്യം 19 യുഗങ്ങൾ (95 വർഷങ്ങൾ) കഴിയുമ്പോഴാണ്, ഈ കുറവ് മൂന്ന് അധികമാസത്തോട് (90) തുല്യമായി വരുന്നത്. (4.7x 19 = 89.3) അതായത്, 19 യുഗങ്ങളിൽ ചേർക്കേണ്ടതായ 38 അധികമാസങ്ങളിൽ നിന്ന് ഈ മൂന്ന് അധികമാസങ്ങൾ കൃത്യമായ ഇടവേളകളിൽ കുറച്ച് 35 അധിക മാസം ചേർത്താൽ ഈ പ്രശ്നവും പരിഹരിക്കപ്പെടും.
ഈ 95 വർഷങ്ങളുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കാനാണ്, എന്റെ ശരീരത്തിന്റെ വിസ്തീർണത്തെ 7½ ചതുരശ്ര പുരുഷനിൽനിന്നും ഓരോ വർഷവും ഓരോ ചതു. പുരുഷൻ വെച്ച് 95 വർഷങ്ങൾ വർധിപ്പിച്ച് കൊണ്ടുവരാൻ പറഞ്ഞത്.

ഞാൻ 7.5ൽ തുടങ്ങിയതിന്
പിന്നിലും ഒരു ജ്യോതിശ്ശാസ്ത്ര
രഹസ്യമുണ്ട്. അതിനാദ്യം
നക്ഷത്രങ്ങളെക്കുറിച്ചറിയണം.

kasyapa veda research foundation

# 27 നക്ഷത്രങ്ങൾ

അശ്വതി മുതൽ രേവതിവരെയുള്ള 27 നക്ഷത്രങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. അഥർവവേദത്തിൽ, അഭിജിത്ത് എന്ന വിശേഷ നക്ഷത്രത്തോടൊപ്പം, ഈ 27 നക്ഷത്രങ്ങളുടെയും പേരെടുത്ത് പറഞ്ഞിട്ടുണ്ട്

എന്നാൽ ഇവ കേവലം നക്ഷത്ര സമൂഹങ്ങൾ മാത്രമല്ല, ചന്ദ്രന്റെ ആകാശപഥത്തെ 27 ഭാഗങ്ങളാക്കി തിരിച്ച് കാലത്തെ അളക്കാൻ സഹായിക്കുന്ന ഏകകങ്ങളുമാണ്.

kasyapa veda research foundation



# എന്നിലെ നക്ഷത്രരഹസ്യം

ഈ നക്ഷത്രങ്ങളെല്ലാം എന്നിലുമുണ്ട്!
പരിശ്രിതുകളും യജുഷ്മതികളും
കൂട്ടിയാൽ (360+396) ആകെ 756
ഇഷ്ടികകൾ.

"27 നക്ഷത്രങ്ങളും ഓരോ
നക്ഷത്രത്തിന്റെയും ഉപനക്ഷത്രങ്ങളും"
കൂട്ടിയാലും — 27 + (27×27) = 756.

10800 ലോകംപൃണകൾ ആകാശത്തിൽ
കാണുന്ന ആകെ നക്ഷത്രങ്ങളുടെ
ആയിരത്തിലൊന്ന് ആണെന്നും
പറയപ്പെടുന്നു.

kasyapa veda research foundation



# നിങ്ങളും എന്നിലുണ്ട്!



| എന്റെ ശരീരത്തിൽ | നിങ്ങളുടെ ശരീരത്തിൽ |
|---|---|
| 360 പരിശ്രിതുകൾ | 360 അസ്ഥികൾ (308 എല്ലുകൾ (സംയോജിച്ച് 206 ആകുന്നവ) + 32 പല്ലുകൾ + 20 നഖങ്ങൾ) |
| 360 യജുഷ്മതികൾ | 360 മജ്ജകൾ |
| 10,800 ലോകംപൃണകൾ | പകൽ സമയത്തെ ശരാശരി ശ്വാസങ്ങൾ (മിനുട്ടിൽ15 വെച്ച് 12 മണിക്കൂറിൽ) |

kasyapa veda research foundation

# സപ്തർഷിയും ഞാനും

സപ്തർഷി നക്ഷത്രസമൂഹം 27 നക്ഷത്ര മണ്ഡലങ്ങളിലെ ഓരോന്നിലും 100 വർഷം വെച്ച് ആകെ 2700 വർഷം സഞ്ചരിച്ച് ഒരു പരിക്രമണം പൂർത്തിയാക്കുന്നു എന്നാണ് സങ്കല്പം. ഇതാണ് സപ്തർഷി ചക്രം.

2700 മനുഷ്യവർഷങ്ങൾ എന്നത് കൃത്യം 7½ ദൈവികവർഷങ്ങളാണ്. (1 ദൈവികവർഷം = 360 മനുഷ്യവർഷങ്ങൾ)

അതായത്, 7½ ചതുരുശ്ര പുരുഷൻ വിസ്തീർണത്തിലുള്ള എന്റെ ആരംഭം, സപ്തർഷി ചക്രത്തിന്റെ ആരംഭത്തെയും പ്രതീകവൽക്കരിക്കുന്നു.

kasyapa veda research foundation



ജ്യോതിശ്ശാസ്ത്രത്തിൽ
നിന്നും നമുക്ക്
പ്രപഞ്ച വിജ്ഞാനീയത്തിലേക്ക്
പോകാം.

kasyapa vedaresearchfoundation

# നക്ഷത്രങ്ങളുടെ പ്രായം

സൂര്യനെപ്പോലുള്ള നക്ഷത്രങ്ങളുടെ ശരാശരി ആയുസ്സ് 1000 കോടി വർഷങ്ങളോളമാണെന്ന് ആധുനിക ഭൗതികശാസ്ത്രം പറയുന്നു. വേദങ്ങൾ ഇതിനോടടുത്തതും നിശ്ചിതവുമായ ഒരു സംഖ്യയാണ് നിർദേശിക്കുന്നത്- 864 കോടി വർഷങ്ങൾ.



**ആധുനിക പ്രപഞ്ചവിജ്ഞാനീയത്തിന്റെ കാലഗണനയോട് യോജിച്ചുപോകുന്ന കാലയളവുകളെ മുന്നോട്ടു വെച്ച ഒരേയൊരു മതം ഹിന്ദുമതമാണ്. ”**

- Carl Sagan
Renowned Astronomer

kasyapa veda research foundation

# പ്രജാപതിയുടെ അഹോരാത്രങ്ങൾ

നേരത്തെ പറഞ്ഞ 864 കോടി വർഷങ്ങളെയും വേദങ്ങൾ വിളിക്കുന്നത്, “അഹോരാത്രങ്ങൾ” എന്നാണ്.

ഇത് നിങ്ങളുടെ രാത്രിപകലുകളല്ല കേട്ടോ. എന്റെ നാഥനായ പ്രജാപതി യുടെ രാത്രിപകലുകളാണ്.

ഈശ്വരന്റെ സൃഷ്ടിശക്തിയുടെ വ്യഷ്ടിരൂപമാണ് പ്രജാപതി.

ഇങ്ങനെയുള്ള ഓരോ
അഹോരാത്രങ്ങൾക്കുള്ളിലും
സൂര്യനും ഭൂമിയും ചന്ദ്രനുമെല്ലാം
ഉണ്ടായി നശിക്കും
എന്ന് ഋഗ്വേദത്തിലെ അഘമർ
ഷണസൂക്തത്തിൽ പറയുന്നു.

Kasyapaveda research foundation

# ഞാനാണീ പ്രപഞ്ചം...

എന്നിലെ ഒരു യജുഷ്മതിയും ഒരു പരിശ്രിതും ചേർന്നതാണ് 864 കോടി ദൈർഘ്യമുള്ള ഒരു അഹോരാത്രം.

അങ്ങനെയുള്ള 360 പരിശ്രിതുകളും 360 യജുഷ്മതികളും ചേരുന്നതാണ് സംവത്സരമാകുന്ന ഈ ഞാൻ.

അതായത്, 360x864 കോടി= 311040 കോടി (3.11 ട്രില്യൺ) വർഷങ്ങൾ. അതാണ് ഈ പ്രപഞ്ചത്തിന്റെ ആയുസ്സ്!

kasyapa vedaresearchfoundation